KSACS

**Kerala State AIDS Control Society**
Red Cross Road
Thiruvananthapuram - 695035
www.ksacs.in

Phone: +91 471 2304882,2304704,2303763, Fax: +91 471 2305183 email: info@ksacs.in

**01.12.2009**

# ലോക എയ്ഡ്സ് ദിനം: അവാർഡുകൾ സമ്മാനിച്ചു

തിരുവനന്തപുരം: ലോക എയ്ഡ്സ് ദിനാചരണത്തോടനുബന്ധിച്ച് എച്ച്ഐവി നിയന്ത്രണ, ബോധവത്കരണ മേഖലകളിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ കീഴിലുള്ള സ്ഥാപനങ്ങൾക്കുള്ള അവാർഡ് ആരോഗ്യ വകുപ്പുമന്ത്രി പി.കെ ശ്രീമതി ടീച്ചർ വിതരണം ചെയ്തു. സെനറ്റ് ഹാളിൽ നടന്ന എയ്ഡ്സ്ദിനാചരണ പൊതുസമ്മേളനത്തിലാണ് അവാർഡുകൾ സമ്മാനിച്ചത്.

***അവാർഡിന് അർഹമായ സ്ഥാപനങ്ങൾ ചുവടെ:***

ഏറ്റവും മികച്ച ഉഷസ് കേന്ദ്രം - മെഡിക്കൽ കോളേജ് കോഴിക്കോട്, പുലരി കേന്ദ്രം - മെഡിക്കൽ കോളേജ് കോഴിക്കോട്, കമ്യൂണിറ്റി ഹെൽത്ത് സെന്ററിൽ പ്രവർത്തിക്കുന്ന ജ്യോതിസ് കേന്ദ്രങ്ങളിൽ മികച്ച പ്രവർത്തനം കാഴ്ച വച്ചത് - ജ്യോതിസ് കേന്ദ്രം ബദിയടുക്ക, റെഡ് റിബൺ ക്ലബ് - വിമല കോളേജ് തൃശൂർ, സന്നദ്ധ രക്തദാനം പ്രോത്സാഹിപ്പിച്ച മികച്ച കോളേജ് -കോ-ഓപ്പറേറ്റീവ് കോളേജ് തൃശൂർ, മെഡിക്കൽ കോളേജുകളിൽ പ്രവർത്തിക്കുന്ന മൈക്രോബയോളജി വകുപ്പിനോട് ചേർന്നുള്ള എറ്റവും മികച്ച ജ്യോതിസ് കേന്ദ്രം - മെഡിക്കൽ കോളേജ് കോഴിക്കോട്, മെഡിക്കൽ കോളേജുകളിൽ പ്രവർത്തിക്കുന്ന ഒ ആൻഡ് ജി വകുപ്പിനോടു ചേർന്നുള്ള മികച്ച ജ്യോതിസ് കേന്ദ്രം - മെഡിക്കൽ കോളേജ് കോട്ടയം, ജില്ലാ ആശുപത്രികളിലെ മികച്ച ജ്യോതിസ് കേന്ദ്രം - ജില്ലാ ആശുപത്രി പാലക്കാട്, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ പ്രവർത്തിക്കുന്ന മികച്ച ജ്യോതിസ് കേന്ദ്രം - തൈക്കാട് ആശുപത്രി തിരുവനന്തപുരം, താലുക്ക് ആശുപത്രികളിലുള്ള മികച്ച ജ്യോതിസ് കേന്ദ്രം - താലൂക്ക് ആശുപത്രി സുൽത്താൻ ബത്തേരി, ജനറൽ ആശുപത്രിയിലുള്ള മികച്ച ജ്യോതിസ് കേന്ദ്രം - ജനറൽ ആശുപത്രി പയ്യന്നൂർ, മികച്ച പ്രത്യാശ കേന്ദ്രം - പ്രത്യാശ കേന്ദ്രം മലപ്പുറം, സ്വകാര്യ മേഖലയിൽ ആരംഭിച്ച ജ്യോതിസ് കേന്ദ്രത്തിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ചത് - ശ്രീ ഗോകുലം മെഡിക്കൽ കോളേജ്, വെഞ്ഞാറമൂട്, മികച്ച സുരക്ഷ പ്രോജക്ട് - ജവഹർ സുരക്ഷ പ്രോജക്ട് ആലപ്പുഴ, മികച്ച കമ്യൂണിറ്റി കെയർ സെന്റർ - സെന്റ് ജോൺസ് ഹെൽത്ത് കെയർ സർവീസസ് പിരപ്പൻകോട്, തിരുവനന്തപുരം.

*ഈ കുറിപ്പ് താങ്കളുടെ വാർത്തകളിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.*

സ്നേഹാദരങ്ങളോടെ

**ജോയിന്റ് ഡയറക്ടർ (ബോധവത്കരണം)**